കയർ തൊഴിലാളി ക്ഷേമനിധിക്ക് നീക്കിവച്ച തുക

1363. [2040] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളി ക്ഷേമനിധി എന്ന് മുതലാണ് നടപ്പിലാക്കിയത് ;

(ബി) 1981-82, 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ കയർ തൊഴിലാളി ക്ഷേമനിധിക്കുവേണ്ടി എന്തു തുക വീതമാണ് നീക്കിവച്ചിട്ടുള്ളത് ;

(സി) ഈ ഗവൺമെൻറിൻറെ കാലത്ത് കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്നും ഓരോ വർഷവും എത്ര പേർക്ക് എന്ത് തുക ധനസഹായമായി നൽകി ;

(ഡി) ഇപ്പോൾ കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടപ്പുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഇ) കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്നും ഏതെല്ലാം കാര്യങ്ങൾക്കാണ് ധനസഹായം നൽകുന്നത് ;

(എഫ്) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേണ്ടി കൊണ്ടുവന്ന ക്ഷേമനിധി കയർ തൊഴിലാളികൾക്ക് കൂടി ബാധകമാക്കുമോ?

ഉത്തരം

(എ) 1983-84 മുതൽ നടപ്പിൽ വന്ന ക്ഷേമ പദ്ധതി പ്രകാരമുള്ള ക്ഷേമനിധി 1984-85 മുതൽ നടപ്പിലാക്കി.

(ബി) 1983-84-ൽ ക്ഷേമ പദ്ധതിക്കും അതിനുശേഷം ക്ഷേമനിധിക്കും ബഡ്ജറ്റിൽ ഓരോ വർഷവും നീക്കി വച്ച തുക.

1983-84	—	രൂപ 2,50,000
1984-85	—	രൂപ 50,000
1985-86	—	രൂപ 80,000

(സി)

വർഷം	ഗുണഭോക്താക്കൾ	തുക (രൂപ)
1983-84	111	89,400
1984-85	109	50,000
1985-86	70	80,000
1986-87	..	1,00,000

(ഡി) 31-10-1986 വരെ 214 അപേക്ഷകൾ

(ഇ) കയർ തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ സീരിയസ് (വിദ്യാഭ്യാസത്തിന്) മെഡിക്കൽ സഹായം എന്നിവയ്ക്കും കൊത്തം തുകയായി (പൂർണ്ണമായ അവശതയോ അനാരോഗ്യമോ ഉള്ള കേസുകളിൽ) 5,000 രൂപ വരെ ധനസഹായവും നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(എഫ്) ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly